# കളിയരങ്ങിലെ ഇമേജ്

കളി കാര്യമാകരുതെന്ന് മുതിർന്നവരുടെ ശാസന.
ശാസന എല്ലാവർക്കും പാകവും പാഠവും. അതിന് പ്രത്യേകിച്ച് മാനദണ്ഡങ്ങളൊന്നുമില്ല. മിക്കപ്പോഴും ശാസനകൾ കറിക്ക് കൊള്ളാറുമുണ്ട്.

സംസ്കാരത്തെക്കുറിച്ചു നാം പറഞ്ഞു. കളിയിലായാലും നമ്മുടെ സംസ്കാരം പ്രകടമാകണം എന്ന് സൂചിപ്പിച്ചു.

കളിയെ കളിയായി കാണാൻ നാം ഇനിയും പഠിച്ചിട്ടില്ല. ലോകനിലവാരം വെച്ചുനോക്കുമ്പോൾ കളിയിൽ നമ്മുടെ രാജ്യം ഒന്നുമല്ല. എന്നാൽ ഗ്രൗണ്ടിലെ കൈയാങ്കളിയിലും വാക് പയറ്റിയും നാം ഒട്ടും മോശമല്ല. അത് വിദേശത്തായാലും സ്വദേശത്തായാലും തുല്യമാണ്.

എന്തുകൊണ്ടാണ് കളിക്കാർ വിവാദങ്ങൾ ഉണ്ടാക്കുകയും വ്യക്തിയുടെയും രാജ്യത്തിന്റെയും സൽപേരിന് കളങ്കം വരുത്തുകയും ചെയ്യുന്നത്?

അരയിൽ അണിയേണ്ടത് കഴുത്തിൽ പാകമാകില്ല. അതിന് ശ്രമിക്കുന്നത് ചെരുപ്പിനൊ ത്ത് കാൽ മുറിക്കുന്നതിനു തുല്യം.

ആളാകുവാനും ശ്രദ്ധിക്കപ്പെടുവാനും വലിയ പ്രതിഭയും കഴിവുകളും ആവശ്യമില്ലാത്ത കാലമാണിത്. പണം നിയന്ത്രിക്കുന്ന ലോകം. അൽപം അറിയപ്പെടുന്നവന്റെ പിന്നാലെയാണ് ബിസിനസ്സുകാർ. പൊതുജനത്തിന്റെ ചെലവിലാണെങ്കിലും തങ്ങളുടെ ഉൽപന്നങ്ങളുടെ പരസ്യങ്ങളിൽ അത്തരക്കാരുടെ ഫോട്ടോ വേണമെന്ന് അവർക്ക് നിർബന്ധം.

കളിപരിചയം നേടിയതിലുപരി നമ്മുടെ കളിക്കാരിലാരും പെരുമാറ്റരീതിയിൽ ആവശ്യമായ കൗൺസലിംഗോ മറ്റു പരിശീലനമോ കരസ്ഥമാക്കിയല്ല കളത്തിലേക്കിറങ്ങുന്നത്. എല്ലാവരെയും പോലെ അവർക്കുമുണ്ട് ദൗർബല്യങ്ങൾ. അവരെ തിരഞ്ഞെടുക്കുന്നവർ പോലും സ്വഭാവദൂഷ്യങ്ങളിൽനിന്ന് മുക്തരല്ല.

കോടികളും ലക്ഷങ്ങളുമാണ് ഇന്ന് ഓരോ കളിക്കാരനും തന്നെ ലേലത്തിന് വെക്കുന്നതിലൂടെ നേടുന്നത്. രാജ്യത്തിനും പൊതുജനത്തിനും അവർ എന്ത് സേവനം ചെയ്യുന്നുവെന്നത് വേറെ ചർച്ച ചെയ്യേണ്ട കാര്യമാണ്. ലേലത്തോടൊപ്പം പരസ്യങ്ങളിലൂടെ വരുന്ന ലക്ഷങ്ങളുടെ നേട്ടം വേറെയും. ഇങ്ങനെ കിട്ടുന്ന വൻസാമ്പത്തികനേട്ടം ആരെയാണ് മത്തുപിടിപ്പിക്കാത്തത്? ഈ മത്താണ് നാം ഗ്രൗണ്ടുകളിൽ കാണുന്നത്.

ഒന്നിലും പ്രത്യേകിച്ച് ചിട്ടകളൊന്നും ശീലിച്ചിട്ടില്ലാത്ത ചെറുപ്രായത്തിന്റെ ദൗർബല്യങ്ങൾ ഉള്ളതോടൊപ്പം പ്രതീക്ഷക്കുപരി കൈവരുന്ന വരുമാനവും സമൂഹത്തിന്റെ ആദരവും അമിതസ്വാതന്ത്ര്യവും കളിക്കാരെ കൂടുതൽ അനിയന്ത്രിതരാക്കുക സ്വാഭാവികമാണ്. ഇതാണ് കളിക്കളത്തിൽ കാണിക്കുന്ന പെരുമാറ്റദൂഷ്യങ്ങളുടെ നാരായവേര്.

ഉത്തരവാദികൾ നാം തന്നെയാണ്. ഇവിടെ ആർ എന്ത് ചെയ്താലും ആർക്കും ഒന്നുമില്ല എന്നാണ് ധാരണ. ഈ ധാരണയുടെ നഷ്ടവും നമുക്ക് തന്നെയാണ്.

രാജ്യാന്തര കളിക്കാർക്ക് ചില പെരുമാറ്റചട്ടങ്ങൾ നിർബന്ധമായും ശീലിപ്പിക്കേണ്ടതുണ്ട്. ഒരു രാജ്യത്തെ മൊത്തം പ്രതിനിധീകരി ക്കുന്നവരാണവർ.

ഇത് ഒറ്റപ്പെട്ട അഭിപ്രായമല്ല, കൂടെ കളിക്കുന്നവരും ഒരുകാലത്ത് ഗ്രൗണ്ടുകളിൽ നിറഞ്ഞുനിന്നവരുമായ ആളുകളുടെ അഭിപ്രായവും ഈ വഴിക്കാണ് തിരിയുന്നത്.

കൈവരുന്ന നല്ല അവസ്ഥയിലും ദൗർഭാഗ്യം പോലെ വരുന്ന മോശപ്പെട്ട അവസ്ഥയിലുമൊക്കെ നല്ലനിലയിൽ പെരുമാറാൻ സാധിക്കുകയെന്നതാണ് ഉത്തമ സംസ്കാരം. അതിനു മുമ്പിൽ മനുഷ്യരൊക്കെ തുല്യരാണ്. ഭൗതികസൗകര്യങ്ങൾ പെരുമാറ്റത്തിനും സംസ്കാരത്തിനുമുള്ള മാനദണ്ഡമാക്കാവതല്ല. അതെപ്പോഴും മാറിക്കൊണ്ടിരിക്കും.